# ഞാനെൻ പ്രീയനുള്ളവൾ

ഞാനെൻ പ്രീയനുള്ളവൾ
എൻ പ്രീയനെനിക്കുള്ളവൻ
ഈ പ്രേമ ബന്ധം ദിവ്യമേ
വർണ്ണിപ്പാനെന്നാലസാദ്ധ്യമേ

പ്രീയന്റെ പ്രേമത്തിൽ നിന്നെന്നെ അകറ്റുവാൻ
ലോകത്തിലൊന്നിനും സാദ്ധ്യമല്ലൊരിക്കലും
പ്രാണനും ചോരയും തന്നു വീണ്ടെടുത്തതാൽ
പ്രാണൻ ത്യജിച്ചും ഞാനവനിഷ്ടം ചെയ്തിടും...ഞാനെൻ

ഏറിയ വെള്ളങ്ങൾ അതിനെ കെടുക്കുമോ
മറ്റു പ്രീയന്മാരിൻ പ്രേമമതിനൊപ്പമോ
വെണ്മയും ചുവപ്പും ഉള്ളവനാണെൻ പ്രീയൻ
പതിനായിരങ്ങളിൽ അതിശ്രേഷ്ഠനാണവൻ ... ഞാനെൻ

പ്രീയന്റെ വരവിൻ നിമിഷങ്ങളെണ്ണി ഞാൻ
ഏറ്റം പ്രേമത്തോടെ കാത്തിരിക്കും നേരത്തിൽ
കാഹളം ധ്വനിക്കും കണ്ണിമയ്ക്കുന്നിടയിൽ
പ്രേമസ്വരൂപന്റെ പൊന്നുമുഖം കണ്ടിടും ... ഞാനെൻ

---